പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.136** | **08.06.2018-ൽ മറുപടിയ്ക്ക്**

**മാലിന്യ സംസ്കരണം**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ**<br>**,, അടൂർ പ്രകാശ്**<br>**,, എ.പി.അനിൽ കുമാർ**<br>**,, അനൂപ് ജേക്കബ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | സ്വച്ഛ് ഭാരത് മിഷന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയം നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ 2017-ൽ വിവിധ വിഭാഗങ്ങൾക്കായി നൽകിയ 52 അവാർഡുകളിൽ എത്ര അവാർഡുകൾ സംസ്ഥാന സർക്കാരിന് നേടുവാൻ കഴിഞ്ഞു; | (എ) | കേന്ദ്ര ഭവനവും നഗരകാര്യവും മന്ത്രാലയം നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന് അവാർഡുകൾ ലഭിച്ചിട്ടില്ല. |
| (ബി) | അവാർഡുകളൊന്നും ലഭിച്ചിട്ടില്ലെങ്കിൽ, ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ മാലിന്യ സംസ്കരണത്തിന് സംവിധാനം ഒരുക്കിയെന്ന് അവകാശപ്പെടുമ്പോഴും പ്രസ്തുത അവാർഡ് നേടുവാൻ കഴിയാതിരുന്നത് ഈ പദ്ധതിയുടെ പരാജയം മൂലമാണോ; വ്യക്തമാക്കുമോ; | (ബി) | അല്ല. സ്വച്ഛ് സർവ്വേക്ഷൺ സർവ്വേയും വിലയിരുത്തലിനുമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പല മാനദണ്ഡങ്ങളും സംസ്ഥാനത്തിന്റെ സമഗ്ര മാലിന്യ സംസ്കരണ സമീപനത്തിനും സംസ്ഥാനത്തെ മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ നടപ്പിലാക്കി വരുന്ന മാലിന്യ സംസ്കരണ പ്രവർത്തനങ്ങളോടും യോജിക്കുന്നവയല്ലായെന്നതാണ് പ്രധാന കാരണം (ഉദാ: വീട് വീടാന്തരമുള്ള മാലിന്യ ശേഖരണത്തിന്റെ ശതമാനം, ജനസംഖ്യ ആനുപാതികമായി ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും അതിന്റെ എത്ര ഭാഗം ശേഖരിക്കപ്പെടുകയും ട്രാൻസ്പോർട്ട് ചെയ്യപ്പെടുകയും ചെയ്യുന്നു എന്നതിന്റെ വിവരം, ആകെ ശേഖരിക്കപ്പെടുന്ന മാലിന്യത്തിന്റെ എത്ര ശതമാനം അതാത് ദിവസം ഒഴിവാക്കപ്പെടുന്നു, സാനിട്ടറി ലാന്റ് ഫില്ലുകളുടെ ആവശ്യം, സിറ്റി കംപോസ്റ്റ് കൃഷിക്കാർക്ക് നൽകുക,മാലിന്യ സംസ്കരണത്തിന് ദൈനംദിന ചെലവുകൾക്കായി എത്ര ശതമാനം പ്രോപർട്ടി ടാക്സിൽ നിന്നും യൂസർ ചാർജ്ജിൽ നിന്നും കണ്ടെത്തുന്നു, ആകെ ശേഖരിക്കപ്പെടുന്ന അജൈവമാലിന്യങ്ങളിൽ എത്രമാത്രം റീസൈക്ലിംഗ്, വേസ്റ്റ് ടു എനർജി പ്ലാൻറ്, റെഫ്യൂസ്ഡ് ഡിറൈവ്ഡ് ഫ്യൂൽ സംവിധാനങ്ങളിലൂടെ സംസ്കരിക്കപ്പെടുന്നു എന്നതിന്റെ വിവരം തുടങ്ങിയവ) ഹരിത കേരള മിഷൻ- ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിച്ച് വരുന്നുണ്ട്. മേൽപറഞ്ഞ വിലയിരുത്തൽ മാനദണ്ഡങ്ങൾ പലതും കേന്ദ്രീകൃതമായ സംവിധാനങ്ങളിലൂടെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതും അതിനനുസൃതമായ പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതുമാണ്. |
| (സി) | പരസ്യത്തിന് വേണ്ടി വൻ തുക ചെലവഴിക്കാതെ സംസ്ഥാനത്തെ | (സി) | വിവിധ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കൊപ്പം സംസ്ഥാനത്തെ മാലിന്യ |

| | |
|---|---|
| മാലിന്യ മുക്തമാക്കുന്നതിനും സാംക്രമിക രോഗങ്ങളുടെ പിടിയിൽ നിന്നും രക്ഷിക്കുന്നതിനും ക്രിയാത്മകമായ നടപടികൾ ആവിഷ്കരിക്കുമോ? | മുക്തമാക്കുന്നതിനും, പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും വേണ്ടി വിവിധ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. തദ്ദേശ സ്വയംഭരണ വകുപ്പും, ആരോഗ്യ വകുപ്പും ചേർന്ന് ഇതര വകുപ്പുകളുടേയും, മിഷനുകളുടേയും ഏകോപനത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ ബഹുജന പ്രസ്ഥാനങ്ങളെ ഏകോപിപ്പിച്ച് ആരോഗ്യ ജാഗ്രത കാമ്പയിൻ നടന്നുവരുന്നു. കൂടാതെ തദ്ദേശ സ്ഥാപനങ്ങളിൽ ജൈവ-അജൈവ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് വിവിധ പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള പരസ്യങ്ങൾക്ക് അവശ്യം വേണ്ട തുക മാത്രമേ ചെലവഴിക്കുന്നുള്ളൂ. |

സെക്ഷൻ ഓഫീസർ